ശ്രീ. രാമോദരൻ കാളാശ്ശേരി: അവരുടെ ഇടയിൽ അവരുടെ രോഗങ്ങൾക്ക് അടിയന്തിരമായ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള സൗകര്യങ്ങൾ ഇപ്പോൾ തന്നെ ഉണ്ട്. അങ്ങനെ രോഗികളായിട്ടുള്ളവരെ ചികിൽസിക്കുന്നുണ്ട്.

ശ്രീ. സി.എ. കുര്യൻ: ഗിരിവർഗ്ഗക്കാരുടെ ഇടയിലുള്ള പഴയ ചികിൽസാ രീതികൾ നിലനിറുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? ഇപ്പോൾ മസൂരി വന്നാൽ 'അമ്മവിളയാട്ട'മെന്നാണ് ഇവർ പറയുന്നത്. ദേവിയുടെ കോപംകൊണ്ടാണ് എന്നു പറഞ്ഞുകൊണ്ട് മരുന്നുകൾ കൊടുക്കാതെ പലരും മരിക്കുകയാണ്. ആധുനിക വൈദ്യ സമ്പ്രദായം അവരുടെ ഇടയിൽ എത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: ഈശ്വര വിശ്വാസംകൊണ്ടും അന്ധവിശ്വാസംകൊണ്ടും ശരിയായ ചികിൽസകൾ കിട്ടാതെ പലരും മരണമടയുന്നുണ്ട്. ആധുനിക രീതിയിലുള്ള ചികിൽസാ സൗകര്യങ്ങൾ അവരുടെ ഇടയിൽ പ്രോൽസാഹിപ്പിക്കാൻ സാമൂഹ്യ പ്രവർത്തകരും കൂടി സഹകരിക്കുകയാണെങ്കിൽ നടപ്പിലാക്കാൻ കഴിയും.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ആദിവാസികളെ സംബന്ധിച്ചിടത്തോളം കൂടുതലും വന മദ്ധ്യങ്ങളിലാണ് താമസിക്കുന്നത്. മറ്റു ഡിസ്പെൻസറികളുമായി ബന്ധപ്പെടാൻ അവർക്ക് കഴിയുന്നില്ലെന്നുള്ളതുകൊണ്ട് മൊബൈൽ ഡിസ്പെൻസറികൾ ഏർപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: ഇന്ന് അവ നിലവിലുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ആദിവാസികൾ അവർ സൂക്ഷിച്ചുപോരുന്ന അന്ധവിശ്വാസങ്ങൾകൊണ്ടും അവരുടെ പഴയ തരത്തിലുള്ള ധാരണകളുടെയും എല്ലാം ഫലമായി ആണ് അവരുടെ ജനസംഖ്യ കുറയുന്നതും രോഗം വർദ്ധിക്കുന്നതും. അതുകൊണ്ട് അവരിൽനിന്നു ചികിൽസ പഠിക്കാൻ പോകുന്നതിനെക്കാൾ അവർക്ക് ശരിയായ രീതിയിലുള്ള ചികിൽസ കൊടുക്കാൻ നടപടികൾ എടുക്കുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: നമ്മളെല്ലാംകൂടി ആത്മാർത്ഥമായി സഹകരിച്ചാൽ അവരുടെ ഇടയിൽ ആ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും; ഇപ്പോൾതന്നെ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

## മദ്യഷാപ്പ് ലേലം

* 723 [786] ശ്രീ. എം.കെ. കേശവൻ:

,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മദ്യഷാപ്പ് ലേലം കഴിഞ്ഞ വർഷത്തേക്കാൾ എത്ര സംഖ്യ കൂടുതലിനാണ് ലേലം കൊണ്ടിട്ടുള്ളത്;

(ബി) മൊത്തം എത്ര തുക മദ്യഷാപ്പ് ലേലത്തിൽ ഈ വർഷം കിട്ടും?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) മദ്യഷാപ്പുലേലത്തിൽ, ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം പതിനാറു കോടി അറുപത്തൊന്നു ലക്ഷം രൂപ അധികമായി ലഭിച്ചിട്ടുണ്ട്.

(ബി) 1979-80 ലേക്കുള്ള അബ്കാരി ഷാപ്പുലേലത്തിൽ നിന്നും ഗവൺമെൻറിന് ഏകദേശം നാൽപ്പത്തഞ്ചു കോടി മൂന്നു ലക്ഷത്തോളം രൂപ ലഭിച്ചിട്ടുണ്ട്.

ശ്രീ. എം.കെ. കേശവൻ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ അബ്കാരി ലേലത്തിൽ പതിനാറു കോടി അറുപത്തൊന്നു ലക്ഷം രൂപ ഈ വർഷം കൂടുതൽ ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഇങ്ങനെ കൂടുതൽ തുകയ്ക്ക് ലേലം വിളിച്ചിട്ട് വർഷാവസാനമാകുമ്പോഴേക്കും തൊഴിലാളികൾക്കുള്ള അവകാശങ്ങൾപോലും നിഷേധിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ പല ഷോപ്പ് കോൺട്രാക്ടർമാരും കടന്നു കളയുന്ന രീതി ഉണ്ട്. അതിനെതിരായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: തൊഴിലാളികളുടെ വേതനങ്ങളും മറ്റ് കാര്യങ്ങളുമെല്ലാം കൈകാര്യം ചെയ്യുന്നത് മറ്റൊരു ബോഡിയാണ്. കുടിശ്ശിക തീർക്കുന്നതിനുവേണ്ടി ഇത് രണ്ടുംകൂടി ക്ലബ് ചെയ്ത് മുമ്പോട്ട് പോകാൻസാധിക്കുമോയെന്ന് ആലോചിക്കുന്നതാണ്.

ശ്രീ. എം.കെ. കേശവൻ: ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ വർഷത്തിൽ ചെത്തു തൊഴിലാളികളുടെ പ്രോവിഡൻറ് ഫണ്ടിനത്തിൽ വലിയൊരു തുക കോൺട്രാക്ടർമാരിൽനിന്നും പിരിഞ്ഞു കിട്ടാനുണ്ടെന്നു പറഞ്ഞു. അങ്ങനെ ഈ കോൺട്രാക്ടർമാർ കൂടുതൽ സംഖ്യക്ക് ലേലം വിളിച്ചിട്ട് അവസാനം തൊഴിലാളികൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുന്ന സ്ഥിതി ഉണ്ട്. അതിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എക്സൈസ് ഡിപ്പാർട്ടുമെൻറ് ആ പ്രശ്നം കൈകാര്യം ചെയ്യാറില്ല. അത് പ്രത്യേക ഡിപ്പാർട്ടുമെൻറാണ് കൈകാര്യം ചെയ്യുന്നത്.

ശ്രീ. വി.കെ. രാജൻ: ഈ സംഖ്യയിൽ വർദ്ധനവ് വന്നതിൻറെ പശ്ചാത്തലത്തിൽ ഏപ്രിൽ 1-ാം തീയതി മുതൽ മദ്യത്തിന് ക്രമാതീതമായി വില വർദ്ധിപ്പിച്ച് വിൽക്കുന്നതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പരിശോധിച്ച് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മദ്യവും വിലയുമായുള്ള ക്രമപ്പെടുത്തൽ ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: ഉപഷാപ്പുകൾ ധാരാളമായി നാട്ടിൻ പുറങ്ങളിൽ ഉയർന്നുവരുന്നുണ്ട്. ഉപഷാപ്പുകൾ അനുവദിക്കുന്നതിന് ഗവൺമെൻറ് എന്ത് മാനദണ്ഡമാണ് നിശ്ചയിച്ചിട്ടുള്ളത്? അത് പരിശോധിക്കുന്നതിനെതിരായി നടപടി സ്വീകരിക്കാൻ സ്പെഷ്യലായ വല്ല നടപടികളും എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: സാധാരണ ഉപഷോപ്പുകൾ ആരംഭിക്കുന്നത് സാധാരണ പ്രദേശങ്ങളിൽ രണ്ടും കുന്നിൻപുറങ്ങളിൽ നാലും ആണ്. അതിൽ കൂടുതലായി എവിടെയെങ്കിലും ഉണ്ടെങ്കിൽ അറിയിച്ചാൽ നടപടി എടുക്കുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: വർഷംതോറും അബ്കാരി തുക വർദ്ധിച്ചുവരുന്നതുകൊണ്ട് ലാഭം ഉണ്ടാക്കാൻവേണ്ടി പലതരത്തിലുള്ള മാർഗ്ഗങ്ങൾ അവർ സ്വീകരിക്കുന്നുണ്ട്. കള്ളുഷോപ്പുകൾപോലെ തന്നെ ചാരായഷോപ്പുകളും പ്രധാനപ്പെട്ട തെരുവീഥികളിലും വിദ്യാലയങ്ങളുടെ അടുത്തും ദേവാലയങ്ങളുടെ അടുത്തും എല്ലാം ഉണ്ടാകുന്നുണ്ട്. ഇത് ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നടപടികളൊന്നും സ്വീകരിച്ചുകാണുന്നില്ല. അതുകൊണ്ട് നിയമം കർശനമായി നടപ്പിലാക്കിക്കൊണ്ട് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിയമം കർശനമായിതന്നെ നടപ്പിലാക്കുന്നുണ്ട്. പരാതി ഉണ്ടെങ്കിൽ പരാതിയിൻമേൽ അപ്പപ്പോൾ അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഡോ. കെ. ജി. അടിയോടി: ലേലവിലയ്ക്കനുസരിച്ച് മദ്യത്തിന്റെ വില കോൺട്രാക്ടർമാർ വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കാൻ വല്ല നടപടിയും എടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: യഥേഷ്ടം വില വർദ്ധിപ്പിക്കുന്നു എന്നു പറയുന്നതു ശരിയല്ല. വളരെ വർദ്ധിപ്പിച്ചു എന്നുണ്ടെങ്കിൽ അതിനെപ്പറ്റി പരാതി അയച്ചാൽ അന്വേഷിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ചെത്തുതൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനെസംബന്ധിച്ചിടത്തോളം ഇന്നുള്ള നിയന്ത്രണം തന്നെ ലേബർ ഡിപ്പാർട്ടുമെന്റിനാണ്. ടോഡി വെൽഫയർ ഫണ്ടിന്റെ നിയന്ത്രണവും അവർക്കാണ്. അതുമൂലം ഇത് കൃത്യമായി പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥ വളരെ കാലമായി ഉണ്ട്. ഈ ടോഡി വർക്കേഴ്സിന്റെ നിയന്ത്രണം അടിയന്തിരമായി എക്സൈസ് ഡിപ്പാർട്ടുമെന്റിന് മാറ്റി തൊഴിലാളികൾക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: രണ്ട് ഡിപ്പാർട്ടുമെന്റും കൂടി ആലോചിക്കേണ്ട വിഷയമാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിനെ അതിനെപ്പറ്റി ആലോചിക്കുന്നതിന് വിരോധമില്ല.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### ഹരിജൻ കോളനികളിലെ പട്ടയം കൊടുത്തു തീർക്കുന്നതിന് നടപടികൾ

* 724 [787] ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ . സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനികളിലെ പട്ടയം കൊടുത്തു തീർക്കുന്നതിന് നടപടികൾ ഒന്നും കൈക്കൊള്ളാത്തതെന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly